# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4542 — 22.07.2015-ൽ മറുപടിയ്ക്ക്

### പ്രകൃതി പാലകൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ.അജിത്<br>,, കെ.രാജു | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന ഭീഷണിയിൽ നിന്നും രക്ഷ നേടാൻ പൊതുജന പങ്കാളിത്തത്തോടെ പ്രകൃതി പാലകൻ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന ഭീഷണിയിൽ നിന്നും രക്ഷ നേടാൻ പൊതുജന പങ്കാളിത്തത്തോടെ പ്രകൃതി പാലകൻ (Eco Steward) എന്ന പദ്ധതി നടപ്പിലാക്കുവാൻ വനം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം വനം വകുപ്പാസ്ഥാനത്തുവച്ച് 02.07.2015 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടി നിർവ്വഹിച്ചു. ടി ചടങ്ങിൽ പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറായി പത്മശ്രീ മമ്മൂട്ടിയെ പ്രഖ്യാപിച്ചിട്ടുണ്ട് ഇതിനായുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) കൃഷി, വിദ്യാഭ്യാസം, പരിസ്ഥിതി എന്നീ വകുപ്പുകളും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, എൻ.എസ്.എസ്, എൻ.സി.സി യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ വിവിധ എൻ.ജി.ഒ കൾ എന്നിവരുടെയും സഹകരണ ത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| സി) ഈ പദ്ധതിയിൻ കീഴിൽ എന്തെല്ലാമാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | സി) ഈ പദ്ധതിയിലുൾപ്പെടുത്തി ഈ വർഷം സംസ്ഥാനത്തൊട്ടാകെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| നക്ഷത്രവനം | 100 എണ്ണം |
| കുട്ടിവനം | 1400 ,, |
| ഹെർബൽ ഗാർഡൻ | 700 ,, |
| പ്രകൃതി ആസ്വാദന കേന്ദ്രം | 50 ,, |
| നദീതട സംരക്ഷണം | 28 കിലോമീറ്റർ |
| ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് | 9.8 ലക്ഷം |
| കണ്ടൽക്കാടുകൾ | 20000 എണ്ണം |

കൂടാതെ പ്രകൃതി പരിപാലകരായ പൗരൻമാരെ വാർത്തെടുക്കുവാൻ അവബോധന ക്ലാസ്സുകൾ, പോസ്റ്ററുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. ഇതിലേയ്ക്കായി ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളുടെ സഹകരണവും ഉറപ്പുവരുത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ